# പുതിയ വി മാക്സ് പോസ്റ്റ് പെയിഡ് പ്ലാൻ അവതരിപ്പിച്ചു

കൊച്ചി: ഉപഭോക്താക്കളുടെ വർധിച്ച ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇന്ത്യയിലെ മുൻനിര ടെലികോം ഓപ്പറേറ്ററായ വോഡഫോൺ ഐഡിയ (വി) കൂടുതൽ ഡാറ്റയും എസ്എംഎസ് ക്വാട്ടയും വിനോദവും ഉൾപ്പെടുത്തിയുള്ള  പുതിയ വി മാക്സ് പോസ്റ്റ് പെയിഡ്  പ്ലാൻ അവതരിപ്പിച്ചു. മുൻതലമുറ പോസ്റ്റ് പെയിഡ് പ്ലാനുകളുടെ അതേ നിരക്കിലാണ് പുതിയ പ്ലാനുകൾ പുറത്തിറക്കിയിട്ടുള്ളത്. രാജ്യത്തെമ്പാടുമുള്ള നിലവിലുള്ളതും പുതിയതുമായ ഉപഭോക്താക്കൾക്ക് വി മാക്സ് പ്ലാനുകൾ ലഭ്യമാണ്.

പോസ്റ്റ് പെയിഡ് ഉപഭോക്താക്കൾക്ക്  കൂടുതൽ മൂല്യവും സൗകര്യവും നൽകുന്നതാണ് വി മാക്സ് പ്ലാനുകൾ. ഡിജിറ്റൽ ഓഫറുകളുടെ വലിയൊരുശേഖരവുമായി ഈ ഡിജിറ്റൽ യുഗത്തിൽ വി മാക്സ് പ്ലാനുകൾ ഉപഭോക്താക്കളെ സഹായിക്കുമെന്ന് വോഡഫോൺ ഐഡിയ ലിമിറ്റഡിന്റെ സിഎംഒ അവനീഷ് ഖോസ്‌ല പറഞ്ഞു.

വിയുടെ ജനപ്രിയ നൈറ്റ് അൺലിമിറ്റഡ് ആനുകൂല്യത്തിനൊപ്പം ഉയർന്ന ഡാറ്റാ ക്വാട്ടയും 3000 എസ്എംഎസും പ്രതിമാസം ലഭിക്കും, ഇത് വിയുടെ 5ജി റെഡി നെറ്റ്‌വർക്കിൽ  കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഉപഭോക്താക്കളെ സഹായിക്കും. പുതിയ വി മാക്സ് പ്ലാനുകൾ 401 രൂപ, 501 രൂപ, 701 രൂപ, 1101 രൂപ (റെഡെക്സ് 1101) എന്നീ നിരക്കുകളിൽ ലഭ്യമാണ്.

ഡാറ്റായ്ക്കും വോയിസിനും പുറമേ വിനോദം, യാത്രാ കിഴിവുകൾ, എയർപോർട്ട് ലോഞ്ച് ആക്സസ് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സോണി ലൈവ്, ആമസോൺ പ്രൈം, ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ തുടങ്ങിയ വിനോദ പ്ലാറ്റ്ഫോമുകളിൽ സൗജന്യ സബ്സ്ക്രിപ്ഷൻ, ഇരുപതു ഭാഷകളിലെ സംഗീതം, ആയിരത്തിലധികം ഗെയിമുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. മേക്ക് മൈ ട്രിപ് വഴിയുള്ള ഫ്ളൈറ്റ്-ഹോട്ടൽ ബുക്കിംഗുകൾക്ക് ഇളവുകൾ, 2999 രൂപ മൂല്യമുള്ള ഏഴു ദിവസത്തെ ഇന്റർനാഷണൽ റോമിംഗ്, ആഭ്യന്തര, വിദേശ എയർപോർട്ട ലൗഞ്ചുകളിൽ പ്രവേശനം തുടങ്ങിയ നിരവധി സൗജന്യങ്ങൾ പുതിയ റെഡെക്സ് 1101 പ്ലാനുകൾക്കൊപ്പം ലഭിക്കും.

ഫാമിലി പ്ലാനിൽ 999 രൂപയ്ക്ക് നാല് കണക്ഷനുകളും 1149 രൂപയ്ക്ക് അഞ്ച് കണക്ഷനുകളും ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം ആമസോൺ പ്രൈം ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാർ സബ്സ്ക്രിപ്ഷനും ലഭിക്കും.

ഉപഭോക്താക്കൾക്ക് ആപ്പ് വഴി അവരുടെ ക്രെഡിറ്റ് പരിധി സജ്ജീകരിക്കാൻ കഴിയും. പ്രതിമാസ ചെലവ് നിയന്ത്രിക്കാൻ ഇത് അവരെ സഹായിക്കും. വി സ്റ്റോറുകളിൽ മുൻഗണനാ ഉപഭോക്തൃസേവനവും പോസ്റ്റ് പെയിഡ് ഉപഭോക്താക്കൾക്കു ലഭിക്കും.